Dhanyamol P.P
Counsellor
Idukki
4/12/2017.
Dhanya

കുടുംബശ്രീ സംസ്ഥാന മിഷൻ, സ്ത്രീപദവി സ്വയംപഠന വിഭാഗത്തിന്റെ നേതൃത്വത്തിൽ സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്കിലെ ജീവനക്കാർക്കായി സംഘടിപ്പിച്ച ത്രിദിന പരിശീലന പരിപാടി വളരെയധികം പ്രയോജനപ്രദമായി. ജെൻഡർ സങ്കല്പത്തെപ്പറ്റിയും അത് സമൂഹത്തിൽ ഏതു തരത്തിൽ ഒരു 'gender neutral society' രൂപവൽക്കരണത്തിനായി പ്രയോജനപ്പെടുത്താമെന്നതിനെക്കുറിച്ചും വ്യക്തമായ ധാരണ ലഭിച്ചു. ഈ മേഖലകളിലെ പ്രവർത്തകരായി സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ ഉണ്ടായിവരുന്ന പ്രായോഗിക ബുദ്ധിമുട്ടുകളെ വിവിധ തരത്തിലുള്ള സാമൂഹ്യ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തി തരണം ചെയ്യേണ്ട രീതികളും വ്യക്തമായി.

സ്ത്രീകളും, കുട്ടികളും, വൃദ്ധജനങ്ങളുമടങ്ങുന്ന പ്രധാന പ്രവർത്തന മേഖലകളുമായി ബന്ധപ്പെട്ട നിയമങ്ങളെപ്പറ്റിയും, മറ്റു സ്ഥാപനങ്ങളിലേക്ക് case കൈമാറേണ്ട ആവശ്യങ്ങൾ വരുമ്പോഴും, തിരിച്ചു മറ്റു സ്ഥാപനങ്ങൾ സ്നേഹിതയിലേക്കു കൈമാറുന്ന case-ലും സൂക്ഷിക്കേണ്ട രേഖകളും മറ്റു മാർഗ്ഗനിർദ്ദേശങ്ങളെപ്പറ്റിയും അഡ്വ. സന്ധ്യയുടെ class വളരെയധികം പ്രയോജനം ചെയ്തു. സ്ത്രീകളുടെ അവകാശങ്ങളെപ്പറ്റി ബോധമുണർത്തി ഇതോടൊപ്പം മറ്റു മേഖലകളിൽ പ്രവർത്തിച്ചു വന്നതിൽ നിന്നും വ്യത്യസ്തമായി വളരെയധികം ശ്രദ്ധയും ഊന്നലും, കരുതലും ഉത്തരവാദിത്തവും വെല്ലുവിളികളും അഭിമുഖീകരിച്ച് ഒരു

സാമൂഹിക മാറ്റത്തിന്റെ agents ആയി പ്രവർത്തിക്കണമെന്ന മനസ്സിലാക്കിയതിനൊപ്പം, മുൻപുണ്ടായിരുന്ന കാലഘട്ടത്തിലു ള്ള യാഥാസ്ഥിതിക ചിന്താഗതികളെയും, മാറി ഒരു പുത്തൻ ഉണർവ് നൽകുന്നതിന് പരിശീലനം ഉപകരിച്ചു.

വ്യക്തിപരമായുള്ള ഒരു നിർദ്ദേശം സ്ത്രീപദവിയെപ്പറ്റി സ്ത്രീകളെ ബോധവൽക്കരിക്കുന്നതിനൊപ്പം പുരുഷ സമൂഹത്തിനു കൂടി അവബോധം സൃഷ്ടിച്ചാൽ മാത്രമേ പ്രസക്തമായ രീതിയിൽ ഒരു മാറ്റത്തിനു സാധ്യത ഉള്ളൂ എന്നതാണ്; നില നിന്നുവരുന്ന സാമൂഹ്യവ്യവസ്ഥിതിയെ മാറ്റിമറിക്കാൻ Paralel ആയി തന്നെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ആവശ്യകത ഉണ്ടെന്ന് അഭിപ്രായപ്പെടുന്നു.